03-09-2021

FRIDAY

വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor : George Sebastian
Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananhapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) – 03/09/2021

1. ഫാം ഇൻഫർമേഷൻ ബ്യൂറോ ഡിജിറ്റൽ വീഡിയോ മത്സരം 2021 അമേച്വർ വിഭാഗം, ഡിജിറ്റൽ വീഡിയോ മത്സരം (ടി.വി. ചാനൽ) വിഭാഗം, ഡിജിറ്റൽ ഫോട്ടോഗ്രഫി മത്സരം, കാർഷിക ലേഖന രചനാ മത്സരം, കാർഷിക ചെറുകഥ രചനാ മത്സരം എന്നിവയിലേക്ക് എൻട്രികൾ ക്ഷണിക്കുന്നു. എൻട്രികൾ എഡിറ്റർ, കേരളകർഷകൻ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ തിരുവനന്തപുരം-3 എന്ന മേൽവിലാസത്തിൽ ഹാർഡ് ഡിസ്ക്, പെൻഡ്രൈവ് എന്നിവ വഴി നേരിട്ടോ fibshortfilmcontest@gmail.com എന്ന ഇ-മെയിലിലോ, **6238039997** എന്ന വാട്ട്സാപ്പ് നമ്പരിലോ അയയ്ക്കേണ്ടതാണ്. എൻട്രികൾ അയയ്ക്കേണ്ട അവസാന തീയതി **സെപ്റ്റംബർ 30.** കൂടുതൽ വിവരങ്ങൾക്ക് **0471-2314358, 6238039997** എന്ന നമ്പരിൽ ബന്ധപ്പെടുക.

2. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചുവരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. പാവൽ, വെണ്ട, പയർ തുടങ്ങിയ പച്ചക്കറികൾ കൊണ്ടുള്ള കൊണ്ടാട്ടങ്ങൾ, പൊടികൾ, വിവിധതരം അച്ചാറുകൾ, ജാം, പഴം ഹൽവ, ചില്ലി സോസ്, തക്കാളി സോസ് തുടങ്ങിയ വിവിധങ്ങളായ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഇവിടെ തയ്യാറാക്കാൻ സാധിക്കും. കൂടാതെ വാട്ടുകപ്പ പോലുള്ള പഴം പച്ചക്കറികൾ ഉണക്കി സൂക്ഷിക്കേണ്ട പ്രാഥമിക സംസ്കരണവും ചെയ്തു കൊടുക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0487-2370773, 8089173650** എന്നീ ഫോൺ നമ്പരുകളിലോ ccmannuthy@kau.in എന്ന ഇ-മെയിൽ മുഖേനയോ ബന്ധപ്പെടാവുന്നതാണ്.

3. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം സംസ്ഥാനത്ത് പുൽകൃഷി പുനരുജ്ജീവിപ്പിക്കാനും വർദ്ധിപ്പിക്കാനും ലക്ഷ്യമിട്ടിരിക്കുന്ന പദ്ധതി പ്രകാരം ഒരേക്കർ ഭൂമിയിൽ പുൽകൃഷി ചെയ്യുന്ന കർഷകർക്ക് 12146 രൂപ സബ്സിഡി ഇനത്തിൽ നൽകുന്നതായി തിരുവനന്തപുരം ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

4. ലോക പേവിഷബാധാ ദിനാചരണത്തിന്റെ ഭാഗമായി ഈ മാസം 6 മുതൽ 9 വരെ (സെപ്റ്റംബർ 6 മുതൽ 9 വരെ) വെറ്ററിനറി സർവകലാശാല മണ്ണുത്തി വെറ്ററിനറി കോളേജിലെ രോഗപ്രതിരോധവിഭാഗം ഓമനമൃഗങ്ങൾക്ക് (നായ,പൂച്ച) സൗജന്യ പേവിഷബാധ പ്രതിരോധ കുത്തിവെയ്പ്പ് സംഘടിപ്പിക്കുന്നു. മുൻകൂട്ടി രജിസ്റ്റർ ചെയ്തവരുടെ മൃഗങ്ങൾക്ക് മാത്രമേ സൗജന്യ പേവിഷബാധ പ്രതിരോധ കുത്തിവെയ്പ്പ് ഉണ്ടായിരിക്കുകയുള്ളൂ. കോവിഡ് പ്രതിരോധ ചട്ടങ്ങൾ മാനിച്ചുകൊണ്ട് നടത്തുന്ന വാക്സിനേഷൻ ക്യാമ്പിലൂടെ ഓമനമൃഗങ്ങളെ കുത്തിവെയ്പ്പിക്കുവാൻ താൽപര്യമുള്ളവർ രാവിലെ 9.30 മുതൽ ഉച്ചക്ക് 12.30 വരെയുള്ള സമയത്ത് **0487-2972065** എന്ന നമ്പരിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**പരിശീലന പരിപാടികൾ**

5. സ്റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രയിനിംങ്ങ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ (SAMETI) ആഭിമുഖ്യത്തിൽ ഇന്ന് (03.09.2021) രാവിലെ 10.30 മണി മുതൽ **അലങ്കാരചെടികളുടെ വംശവർദ്ധനവ്** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. https://www.facebook.com/SametiKeralaExtensionChannel/live/ എന്ന ഫേസ്ബുക്ക് പേജിൽ പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്.

6. കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്നു (03/09/2021 ന ) രാവിലെ 11 മണിക്ക് **"ക്ഷീരോൽപ്പന്ന നിർമ്മാണം-രസഗുള, രസമലായ്"** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് വഴി പരിശീലനം നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി http://meet.google.com/iff-xwbj-kqe എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് **0481- 2302223 / 9447824520** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

7. തിരുവല്ല മഞ്ഞാടിയിലെ ഡക്ക് ഹാച്ചറി ആന്റ് ട്രയിനിംങ്ങ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ നാളെ (04-09-2021) **താറാവ് വളർത്തൽ** എന്ന വിഷയത്തിൽ സൌജന്യ ഓൺലൈൻ പരിശീലനം നൽകുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ **9188522711** എന്ന ഫോൺ നമ്പരിൽ വാട്സ് ആപ്പ് സന്ദേശം മുഖേന പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

8. കോഴിക്കോട് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 6,7,8 തീയതികളിലായി (സെപ്റ്റംബർ 6,7,8) **വരുമാനം ഇരട്ടിയാക്കാൻ തേനീച്ച വളർത്തൽ** എന്ന വിഷയത്തിൽ ത്രിദിന ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **956780455** എന്ന നമ്പരിൽ ബന്ധപ്പെടുക.

9. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർമേഖലയിലെ സംരംഭകത്വവികസനത്തിൽ ഈ മാസം 08-ന് (സെപ്റ്റംബർ 08-ന്) ഏകദിന ഓൺലൈൻ പരിശീലനം നൽകുന്നു. ആർ.എസ്.എസ്. ഗ്രേഡ് ഷീറ്റുകളുടെ നിർമ്മാണം, റബ്ബർപാലിൽനിന്നും ഉണക്കറബ്ബറിൽനിന്നുമുള്ള ഉത്പന്നങ്ങളുടെ നിർമ്മാണം തുടങ്ങിയ മേഖലകളിലെ നിക്ഷേപസാദ്ധ്യതകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481-2353127** എന്ന ഫോൺ നമ്പറിലോ **0481-2353201** എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടാം.

## കാർഷിക നിർദ്ദേശങ്ങൾ

10. നേന്ത്രവാഴയുടെ വിളവെടുപ്പ് നടന്നുകൊണ്ടിരിക്കുന്ന തോട്ടങ്ങളിൽ, കുല വെട്ടിയെടുത്ത മാതൃവാഴകളിൽ നിന്ന് ആരോഗ്യമുള്ള സൂചിക്കന്നുകൾ ഇളക്കിയെടുത്ത് വേരുകളും പുറംതൊലിയും ചെത്തിവൃത്തിയാക്കി തണ്ട് അരയടി നീളത്തിൽ നിർത്തി മുറിച്ചശേഷം കന്ന് ചാണകവും ചാരവും കലക്കിയ വെള്ളത്തിൽ മുക്കിയെടുത്ത് 3 മുതൽ 4 ദിവസം വെയിലത്ത് വെച്ച് ഉണക്കണം. പിന്നീട് രണ്ടാഴ്ചയോളം തണലുള്ള സ്ഥലത്ത് മഴ നനയാതെ സൂക്ഷിച്ച് വെച്ചതിനുശേഷം നടാം. നടുന്നതിന് മുൻപായി കുഴികളിൽ അടിവളത്തിനൊപ്പം വേപ്പിൻപിണ്ണാക്ക് ചേർക്കുന്നത് നല്ലതാണ്.

11. ഇഞ്ചിയിൽ കാണുന്ന മൂടുചീയൽ രോഗം നിയന്ത്രിക്കാൻ തടത്തിൽ കാണുന്ന അഴുകിയ മൂട് പിഴുതെടുത്ത് നീക്കം ചെയ്ത് ഒരു ശതമാനം ബോർഡോമിശ്രിതം തടം കുതിർക്കെ ഒഴുച്ചുകൊടുക്കുക. കൂടാതെ ട്രൈക്കോഡെർമ, സ്യൂഡോമോണാസ് കൾച്ചറുകളിൽ ഏതെങ്കിലും ഒന്ന് തടത്തിൽ ചേർത്ത് കൊടുക്കുന്നത് രോഗനിയന്ത്രണത്തിന് നല്ലതാണ്.